18.05.2024

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/05/2024

1. കാർഷിക കോളേജ് വെള്ളാനിക്കരയിൽ ടിഷ്യു കൾച്ചർ വാഴ തൈകളും കുരുമുളക്, കറ്റാർ വാഴ, കറിവേപ്പ് തൈകളും ഓർക്കിഡ്, ഗോൾഡൻ പോത്തോസ്, ബൊഗൈൻവില്ല തുടങ്ങിയ വിവിധ ഇനം ഉദ്യാന സസ്യങ്ങളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 9048178101, 8086413467 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗ് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ 2024 മെയ് മാസത്തിൽ കണ്ണൂർ ജില്ലയിലെ കർഷകരുടെ സിറ്റിംഗ് നടത്തുന്നതാണ്. കണ്ണൂർ സർക്കാർ അതിഥി മന്ദിരത്തിൽ വച്ച് മേയ് 20, 21, 22 തീയതികളിലാണ് സിറ്റിംഗ് നടത്തുന്നത്. അന്നേ ദിവസം രാവിലെ 09.00 മണിക്ക് സിറ്റിംഗ് ആരംഭിക്കുന്നതാണ്. പ്രസ്തുത തീയതികളിൽ ഹിയറിംഗ് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകേണ്ടതാണ്.

3. നൻമ, മേൻമ, ശ്രേയ- മരച്ചീനി ഇല അധിഷ്ഠിത ജൈവ ഉൽപന്നങ്ങൾ സി. റ്റി. സി. ആർ. ഐ. യിൽനിന്നും ലഭിക്കും. നൻമ, മേൻമ, ശ്രേയഎന്നീ പരിസ്ഥിതി സൗഹൃദ മരച്ചീനി അധിഷ്ഠിത ജൈവഉൽപന്നങ്ങൾ വാഴയിലെ തടതുരപ്പൻ പോലുള്ള തുരപ്പൻ കീടങ്ങൾ; മീലിമൂട്ട, വെള്ളീച്ചകൾ, ഇലപ്പേനുകൾ, ചെള്ളുകൾ പോലുള്ള വിവിധയിനം നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ; പ്രാരംഭ ഘട്ടത്തിലുള്ള പുഴുക്കൾ എന്നിവയുടെയെല്ലാം നിയന്ത്രണത്തിന് വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ജൈവഉൽപന്നങ്ങൾ വാങ്ങാൻ താല്പര്യമുള്ളവർ ശ്രീകാര്യത്തുള്ള കേന്ദ്രകിഴങ്ങുവിളഗവേഷണസ്ഥാപനത്തിലെ (സി. റ്റി. സി. ആർ. ഐ.) ഫാർമർ ഫെസിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെടണം.

4. സംസ്ഥാനത്തെ 13 ജില്ലകളിലെ വിവിധ സർക്കാർ ഫാമുകളിലായി 11 ലക്ഷത്തോളം വിവിധ ഇനം തെങ്ങിൻ തൈകൾ നെടിയ ഇനം, കുറിയ ഇനം - 100 രൂപ, ഹൈബ്രിഡ് -250 രൂപ നിരക്കിൽ വിൽപനക്കായി ഫാമുകളിൽ തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് തെങ്ങിൻ തൈകൾ ഫാമിൽ നിന്നും നേരിട്ട് വിലയ്ക്ക് വാങ്ങാവുന്നതാണ് .

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കാർഷിക കോളേജ് വെള്ളായണി വിജ്ഞാന വ്യാപന വിദ്യാഭ്യാസ വിഭാഗം നടപ്പിലാക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെൻറ് കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു വർഷം ദൈർഘ്യമുള്ള പി.ജി. ഡിപ്ലോമ കോഴ്സിലേക്ക് അഗ്രികൾച്ചറിലോ അനുബന്ധ വിഷയങ്ങളിലോ ബാച്ചിലേഴ്സ് ബിരുദം ഉള്ളവർക്കും, ഈ മേഖലയിൽ എക്സിക്യൂട്ടീവുകളായി ജോലി ചെയ്യുന്ന ഏത് ബിരുദധാരികൾക്കും അപേക്ഷിക്കാവുന്നതാണ്. പാഠ്യപദ്ധതി ഏറിയ പങ്കും ഓൺലൈൻ ആയതു കൊണ്ട് കൃഷി - കൃഷി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്നവർക്കും അപേക്ഷിക്കാം. അപേക്ഷകൾ കേരള കാർഷിക സർവ്വകലാശാലയുടെ വെബ്സൈറ്റിലൂടെ (admissions.kau.in) സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് 8547856286, 9746932564 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2024 ജൂൺ 11.

6. കേരള കാർഷിക സർവ്വകലാശാല സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൻ്റെയും, കാർഷിക കോളേജ് വെള്ളാനിക്കരയിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന അവധിക്കാല ക്യാമ്പിൻ്റെ രജിസ്ട്രേഷന് തുടക്കമായി. കുട്ടികൾക്ക് അടിസ്ഥാന കൃഷി പാഠങ്ങൾ പകർന്നു കൊടുക്കുക എന്നതാണ് ക്യാമ്പിൻ്റെ ലക്ഷ്യം. എഴാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് അപേക്ഷിക്കാവുന്നതാണ്. മെയ് 27 മുതൽ 29 വരെ തൃശ്ശൂർ വെള്ളാനിക്കരയിൽ സ്ഥിതി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ചെയ്യുന്ന കർഷകഭവനിൽ വെച്ചാണ് 'കുഞ്ഞോളങ്ങൾ' എന്ന പേരിൽ ക്യാമ്പ് നടക്കുന്നത്. 1500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.കൂടുതൽ വിവരങ്ങൾക്കായി ചുവടെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക. 0487 -2371104

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. വില – 1 രൂപ ഒരു കൂർക്ക തലക്ക് എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം രാവിലെ 9 മണി മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. സർക്കാർ പൊതുമേഖലാസ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉൽപ്പാദിപ്പിക്കുന്ന 2 മാസം പ്രായമായ ഗ്രാമശ്രീ ഇന ത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ഈ മാസം 20 (20/05/2024) മുതൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000915, 0471-2468585 എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണിവരെ കോഴിക്കുഞ്ഞുങ്ങളെ ബുക്ക് ചെയ്യാവുന്നതും, വാങ്ങാവുന്നതുമാണ്.

## പരിശീലന പരിപാടി

9. കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സംരംഭകത്വവിഭാഗം പൂക്കോട് ഡയറി സയൻസ് കോളേജിൽ വെച്ച് മെയ് 27, 28, 29 തിയ്യതികളിലായി ചീസിൻറെ (പാൽക്കട്ടി) ശാസ്ത്രീയമായ ഉല്പാദനരീതിയിൽ പരിശീലനം നൽകുന്നു. താല്പര്യമുള്ള ക്ഷീരകർഷകരും സംരംഭകരും 9744975460 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 3000/- രൂപ.

10. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ

ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് മെയ് 20 മുതൽ 22 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശം- വെണ്ട കൃഷി** മേയ് മാസം പകുതിയോടെയാണ് വെണ്ടയുടെ വിത്ത് പാകേണ്ടത്. വാരങ്ങളിലോ ഗ്രോബാഗുകളിലോ വിത്ത് നടാം. വാരങ്ങളിൽ ചെടികൾ തമ്മിൽ 45 സെന്റിമീറ്ററും വരികൾ തമ്മിൽ 60 സെൻ്റിമീറ്ററും ഇടയകലം പാലിക്കണം. നടുന്നതിന് 12 മണിക്കൂർ മുമ്പ് വിത്തുകൾ വെള്ളത്തിൽ കുതിർത്താൻ ശ്രദ്ധിക്കണം. ചെടികൾ വളരുന്നതോടെ ചെറിയ തോതിൽ നനയ്ക്കണം. ജൂണിൽ മഴ തുടങ്ങുന്നതോടെ ചെടികൾ തഴച്ചുവളരാൻ തുടങ്ങും. നട്ട് 40 മുതൽ 45 വരെ ദിവസങ്ങൾക്കുള്ളിൽ വെണ്ട പൂവിടുകയും തുടർന്ന് മൂന്നു മാസത്തോളം കായ്ക്കുകയും ചെയ്യും. ചെറിയ തോതിൽ ജൈവവളം അടിവളമായി നൽകിയാൽ മികച്ച വിളവു നൽകുന്ന കൃഷിയാണ് വെണ്ട.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം